സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവനന്തപുരം ഗ്രൂപ്പിൽപ്പെട്ട വേട്ടക്കൊരുമകൻ ദേവസ്വത്തിൽ 25-06-2011 ൽ നടന്ന വിജിലൻസ് പരിശോധന - ശ്രീ. എസ്. നാരായണൻപോറ്റിയുടെ സസ്പെൻഷൻ കാലം ഡ്യൂട്ടിയായി പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 3667/14/Mis-I** നന്തൻകോട് 30/10/2020

---

പരാമർശം :- (1) 08-02-2018 ലെ മേൽ നമ്പർ ബോർഡുത്തരവ്.

(2) ദേവസ്വം കമ്മീഷണറുടെ 15-10-2020 ലെ ROC 11041/20/Vig നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവനന്തപുരം ഗ്രൂപ്പിൽപ്പെട്ട വേട്ടക്കൊരുമകൻ ദേവസ്വത്തിൽ ശാന്തിയായി ജോലി നോക്കിവരവെ ശ്രീ. എസ്. നാരായണൻപോറ്റി രസീതില്ലാതെ വഴിപാട് നടത്തിക്കൊടുത്തു എന്ന വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും അന്വേഷണവിധേയമായി ടിയാനെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

ടി സംഗതിയിന്മേൽ നടത്തിയ ഗാർഹിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ രണ്ട് ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടഞ്ഞ നടപടി പുനഃപരിശോധിച്ച് ശിക്ഷണ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ടിയാൻ അപേക്ഷ ഹാജരാക്കുകയും ആയതിന്മേൽ നടത്തിയ ഡൊമസ്റ്റിക് എൻക്വയറിയിൽ ടിയാന്റെ പേരിൽ കുറ്റങ്ങൾ ഒന്നും തെളിഞ്ഞിട്ടില്ലാത്തതിനാൽ ടിയാനെ കുറ്റവിമുക്തനാക്കിയും ടിയാന്റെ പേരിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ഒഴിവാക്കിയും ബോർഡുത്തരവായിട്ടുള്ളതാണ് (പരാമർശം -1).

(മറുപുറം)

ടിയാൻ സസ്പെൻഷനിൽ നിന്ന കാലയളവ് എപ്രകാരം പരിഗണിക്കണമെന്നത് സംബന്ധിച്ചും സഞ്ചിതഫലത്തോടെ തടഞ്ഞ രണ്ട് ഇൻക്രിമെന്റ് പുനസ്ഥാപിച്ച് നൽകുന്നത് സംബന്ധിച്ചും ഉത്തരവുണ്ടാകണമെന്ന് വിവരിച്ച് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം -2).

ശ്രീ. എസ്. നാരായണൻപോറ്റിയുടെ പേരിലുള്ള ചാർജ്ജുകളിലെല്ലാം തന്നെ ടിയാനെ കുറ്റവിമുക്തനാക്കിയ സ്ഥിതിയ്ക്ക് ടിയാന്റെ സസ്പെൻഷൻ കാലം ഡ്യൂട്ടിയായി പരിഗണിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, തിരുവനന്തപുരം ഗ്രൂപ്പ്
3. ശ്രീ. എസ്. നാരായണൻപോറ്റി, ശാന്തി, വേട്ടക്കൊരുമകൻ ദേവസ്വം, തിരുവനന്തപുരം ഗ്രൂപ്പ് – അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ മുഖേന
4. ഇ.ഡി.പി. സെക്ഷൻ
5. മിനിറ്റ്സ് സെക്ഷൻ
6. സെക്ഷൻ ഫയൽ
7. ഫയൽ ബുക്ക്
8. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK